പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3780

20.7.2015 ലെ മറുപടിയ്ക്ക്

എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) | എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങളിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | അദ്ധ്യാപക പാക്കേജും, അദ്ധ്യാപക നിയമനങ്ങൾക്കുവേണ്ടി സർക്കാർ പുറപ്പെടുവിച്ച തസ്തിക നിർണ്ണയം സംബന്ധിച്ച ഉത്തരവുകളും ഉൾപ്പെടെ ബഹു. ഹൈക്കോടതി റദ്ദു ചെയ്ത സാഹചര്യത്തിൽ നിയമനങ്ങൾ സംബന്ധിച്ച ചില തടസ്സങ്ങൾ ഇപ്പോൾ ഉണ്ടായിട്ടുണ്ട്. |
| (ബി) | റിട്ടയർമെന്റ് ഉൾപ്പെടെ വരുന്ന ഒഴിവുകളിൽ യഥാസമയം അദ്ധ്യാപകരെ നിയമിക്കാത്തതിനാൽ ഇത്തരം സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ; | (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>അദ്ധ്യാപകരുടെ നിയമനാംഗീകാരവും, തസ്തിക നിർണ്ണയവും സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. അതനുസരിച്ചുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിയമനാംഗീകാരം സംബന്ധിച്ച അപേക്ഷകൾ പരിശോധിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | നിയമനാംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷകളിൽ എപ്പോൾ തീരുമാനം എടുക്കുമെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ